പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 3310

29.01.2014 ലെ
മറുപടിയ്ക്ക്

## ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പരിധിയിൽ ഉൾപ്പെടുന്ന വിഭാഗങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.വി. വിജയദാസ് | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| എ) | ന്യൂനപക്ഷക്ഷേമ വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കുമ്പോഴും ആയതിന് രൂപം നൽകുമ്പോഴും അതിലുൾപ്പെടുന്ന ഓരോ വിഭാഗത്തിന്റേയും പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുക്കാറുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിക്കുന്ന മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ നൽകുമോ; | എ) | ഉണ്ട്. ന്യൂനപക്ഷക്ഷേമ ആനുകൂല്യം നൽകുന്ന എല്ലാ പദ്ധതികൾക്കും, മുസ്ലീം ക്രിസ്ത്യൻ വിഭാഗങ്ങളിൽ നിന്ന് 80:20 അനുപാതത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. സാമ്പത്തിക പിന്നാക്കാവസ്ഥ കണക്കിലെടുത്ത് അർഹിക്കുന്ന ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുക്കുന്നത്. |
| ബി) | ഓരോ വിഭാഗങ്ങൾക്കായി നൽകിയ സേവനങ്ങളുടെ വിശദാംശം നൽകുമോ; | ബി) | 1. വിധവകൾക്ക്/വിവാഹമോചിതർക്കുള്ള ഭവന നിർമ്മാണ പദ്ധതിയിൽ ഈ സാമ്പത്തിക വർഷത്തിൽ അനുവദിക്കപ്പെട്ട 250 വീടുകളിൽ 198 വീടുകൾ മുസ്ലീം വിഭാഗത്തിനും, 52 വീടുകൾ ക്രിസ്ത്യൻ വിഭാഗത്തിനുമായിട്ടാണ് നീക്കി വച്ചിട്ടുള്ളത്.<br>2. കരിയർ ഗൈഡൻസ് ട്രെയിനിംഗ് പരിശീലനത്തിൽ ന്യൂനപക്ഷ വിഭാഗങ്ങളിലെ (മുസ്ലീം, ക്രിസ്ത്യൻ) ഏറ്റവും മിടുക്കരായ 150 കുട്ടികളെയാണ് ഓരോ ക്യാമ്പിലും പങ്കെടുപ്പിക്കുന്നത്.<br>3. ന്യൂനപക്ഷ ഗവേഷണത്തിനുള്ള ഹ്രസ്വകാല ഫെല്ലോഷിപ്പിന് വേണ്ടി തെരഞ്ഞെടുക്കപ്പെട്ട 9 ഗുണഭോക്താക്കളിൽ 7 പേർ മുസ്ലീങ്ങളും 2 പേർ ക്രിസ്ത്യാനികളുമാണ്.<br>4. പാലൊളി മുഹമ്മദ് കുട്ടി കമ്മിറ്റിയുടെ ശുപാർശയുടെ ഭാഗമായി നടപ്പിലാക്കുന്ന സി.എച്ച് ഐ.സി.ഡബ്ല്യു.എ സി.എസ് സ്കോളർഷിപ്പ് പദ്ധതിയിൽ 80% ഗുണഭോക്താക്കളെ മുസ്ലീം വിഭാഗത്തിൽ നിന്നും, 20% ഗുണഭോക്താക്കളെ ക്രിസ്ത്യൻ വിഭാഗത്തിൽ നിന്നുമാണ് തെരഞ്ഞെടുക്കുന്നത്. ഇതിൽ തന്നെ മൊത്തം ഗുണഭോക്താക്കളിൽ കുറഞ്ഞത് 30% ഗുണഭോക്താക്കൾ പെൺകുട്ടികൾ ആയിരിക്കണമെന്നും നിശ്ചയിച്ചിട്ടുണ്ട്. |

5. പാലൊളി മുഹമ്മദ് കുട്ടി കമ്മിറ്റിയുടെ ശുപാർശയുടെ ഭാഗമായി നടപ്പിലാക്കുന്ന ഐ.റ്റി.സി-യിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള ഫീ-റീഇംബേഴ്സ്മെന്റ് പദ്ധതിയിൽ 80% ഗുണഭോക്താക്കളെ മുസ്ലീം വിഭാഗത്തിൽ നിന്നും, 20% ഗുണഭോക്താക്കളെ ക്രിസ്ത്യൻ വിഭാഗത്തിൽ നിന്നും ആണ് തെരഞ്ഞെടുക്കുന്നത്.

6. ന്യൂനപക്ഷ കേന്ദ്രീകൃത വില്ലേജുകളിലെ കുടിവെള്ള പദ്ധതി- ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ മേഖലയിലെ മുഴുവൻ ജനങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാകുന്ന തരത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

7. ബഹുമുഖ വികസന പദ്ധതി (MSDP)- വയനാട് ജില്ലയിലെ 4 ബ്ലോക്കിനെയും, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിനെയുമാണ് കേന്ദ്ര-സർക്കാർ ഈ പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്. ഈ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനാണ് പ്രധാനമായും ഈ പദ്ധതി ഊന്നൽ നൽകിയിട്ടുള്ളത്. കൂടാതെ ന്യൂനപക്ഷ വിഭാഗങ്ങളിലെ യുവതീ-യുവാക്കൾക്കായി സ്കിൽ ട്രെയിനിംഗ് നൽകുന്നതിനുള്ള പദ്ധതികളും എം.എസ്.ഡി.പി-യുടെ ഭാഗമായി ആവിഷ്കരിച്ച് വരുന്നു.

സി) ഇപ്രകാരം ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും ഓരോ വിഭാഗങ്ങളിലേയ്ക്കും പദ്ധതികളുടെ വിശദാംശങ്ങൾ എത്തിക്കുന്നതിനും എന്തെല്ലാം നടപടികളാണ് പ്രസ്തുത വകുപ്പ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

സി.) വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിലേക്കായി പത്ര-ദൃശ്യ മാധ്യമങ്ങളിൽ കൂടിയുള്ള പരസ്യങ്ങളുടെ അടിസ്ഥാനത്തിലും, ദൂരദർശൻ, ആകാശവാണി, എന്നീ മാധ്യമങ്ങളിലൂടെയും ബോധവൽക്കരണ ക്യാമ്പുകളിലൂടെയും വകുപ്പ് നേരിട്ടും അതാത് ജില്ലകളിലെ ന്യൂനപക്ഷ സെക്ഷനുകൾ വഴിയും അപേക്ഷ സ്വീകരിച്ച് ആവശ്യമായ പരിശോധന നടത്തി ഏറ്റവും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ആനുകൂല്യം വിതരണം ചെയ്യുന്ന രീതിയാണ് അവലംബിച്ച് വരുന്നത്. അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ടിട്ടുള്ള പദ്ധതി പ്രദേശങ്ങൾ കണ്ടെത്തുന്നതിന് ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകൾ അതാത് ജില്ലാ കളക്ടർമാർ വഴി കണ്ടെത്തി ആ പ്രദേശത്ത് അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കി നിർവ്വഹണം നടത്തി വരുന്നു. കൂടാതെ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങൾ മുഖേനയും തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ നിയമിക്കപ്പെട്ട ന്യൂനപക്ഷക്ഷേമ പ്രൊമോട്ടർമാർ മുഖേനയും പദ്ധതികളുടെ വിശദാംശങ്ങൾ സംബന്ധിച്ച് പ്രചരണം നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ